പദ്ധതികൾ നടപ്പാക്കുന്നതിനും വേണ്ടി അനുവദിച്ചു കഴിഞ്ഞു. കൂടാതെ എൻ.എച്ച്.എഫ്.ഡി.സി.യിൽ അഡീഷണൽ ചാനലൈസിംഗ് ഏജൻസികളായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ ഏജൻസികളെ കൂടി 4-11-2000-ലെ ജി.ഒ. (ആർ.റ്റി) 340/2000/സാക്ഷേവ. നമ്പർ പ്രകാരം ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

വനിതാ കമ്മീഷന്റെ പ്രവർത്തന പുരോഗതി

31 (555)ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി:

ശ്രീ. കെ. നാരായണ കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് മദ്യദുരന്തം ഉണ്ടാകാനിടയുണ്ടെന്ന് വനിതാ കമ്മീഷൻ സർക്കാരിന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കാലിക പ്രാധാന്യമുള്ള സ്ത്രീപീഡന കേസുകളിൽ വനിതാ കമ്മീഷൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല. വ്യാജമദ്യത്തിന്റെ അമിത പ്രചാരത്തിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് ഒരു ശുപാർശ നൽകിയിട്ടുണ്ട്.

(ഡി) 30-11-2000 വരെ വനിതാ കമ്മിഷനിൽ ലഭിച്ച 30544 കേസുകളിലും കമ്മീഷൻ ആക്ട് അനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. കാലിക പ്രാധാന്യമുള്ളതായ താഴെപറയുന്ന കേസുകളിൽ കമ്മിഷൻ നിയമപരമായ അന്വേഷണം നടത്തുകയും ആവശ്യമെന്നു തോന്നിയ കേസുകളിൽ സർക്കാരിലേക്ക് ശുപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്;

1. വിതുര കേസ്
2. കോഴിക്കോട് ഐസ്ക്രീംപാർലർ കേസ്
3. പന്തളം കേസ്
4. പി.ഇ. ഉഷ കേസ്
5. ഉള്ളൂർ പ്രശാന്ത് നഗറിൽ മത്സ്യ തൊഴിലാളി സ്ത്രീയെ പീഡിപ്പിച്ച കേസ്
6. കാട്ടാക്കട സ്വദേശി അശ്വതി എന്ന കുട്ടിയുടെ കേസ്
7. അട്ടപ്പാടി ട്രൈബൽ ഹോസ്റ്റലിലെ പീഡനക്കേസ്
8. അട്ടപ്പാടി ബാലാൽസംഗ കേസ്

LIBRARY ARCHIVES Kerala Legislative Assembly

9. കടയ്ക്കൽ നിവാസിയായ പെൺകുട്ടിയെ പീഡിപ്പിച്ച കേസ്

10. ചിറയിൻകീഴ് ബലാൽസംഗ കേസ്

11. ബധിരമൂക സ്കൂളിലെ വിദ്യാർത്ഥികളെ പീഡിപ്പിച്ച കേസ്

12. സൂര്യനെല്ലി കേസ്

മേൽ പറഞ്ഞിട്ടുള്ള സംഭവങ്ങളിൻമേൽ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിലെ അന്വേഷണ പുരോഗതി കമ്മീഷൻ മോണിറ്റർ ചെയ്യുന്നുമുണ്ട്.

ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ

32 (556)ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ ഏതെല്ലാം; കെട്ടിടമില്ലാത്തവ ഏതെല്ലാം;

(ബി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണി തുടങ്ങാൻ സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുമോ;

(സി) അംഗൻവാടി വർക്കർമാരെ സ്ഥിരപ്പെടുത്തുന്നതിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിലും ബ്ളോക്കിലുമായി എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) രണ്ട് വർഷം സർവ്വീസുള്ള പ്രസ്തുത ബ്ളോക്കിലെ എല്ലാ ജീവനക്കാരേയും സ്ഥിരപ്പെടുത്താൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) അംഗൻവാടി കെട്ടിട നിർമ്മാണം ഗ്രാമപ്പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തു നൽകിയിട്ടുള്ളതിനാൽ ഗ്രാമപ്പഞ്ചായത്ത് വഴിയാണ് കെട്ടിട നിർമ്മാണം നടത്തുന്നത്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) രണ്ട് വർഷക്കാലം സേവനമുള്ള ആലത്തൂർ ബ്ളോക്കിലെ എല്ലാ താൽക്കാലിക അംഗൻവാടി ജീവനക്കാരേയും സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.

പ്രൊട്ടക്റ്റഡ് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമന അംഗീകാരം

33 (565)ശ്രീ. പി.കെ.കെ.ബാവ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly